## അദ്ധ്യായം IV
## നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം

### 4.1 ആമുഖം

1992-ലെ എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ ജനാധിപത്യ വികേന്ദ്രീകരണത്തിന് വ്യക്തമായ ഒരു അധികാരം ഇന്ത്യൻ ഭരണഘടന നൽകി. സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനും അധികാരങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും വികേന്ദ്രീകരണത്തിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും ആവശ്യമായ അധികാരങ്ങളും അവകാശങ്ങളും നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നിയമങ്ങൾ നിർമ്മിക്കാൻ ആർട്ടിക്കിൾ 243ഡബ്ല്യു സംസ്ഥാന നിയമസഭകൾക്ക് അധികാരം നൽകി. എഴുപത്തിനാലാമത് ഭരണഘടനാ ഭേദഗതി നിയമം പന്ത്രണ്ടാം പട്ടിക അവതരിപ്പിക്കുകയും അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബികൾ) ഏൽപ്പിക്കാവുന്ന ചുമതലകളാണെന്ന് കണ്ടെത്തുകയും ചെയ്തു. 74-ാമത് ഭരണഘടനാ ഭേദഗതി നിയമത്തിനനുസൃതമായി യുഎൽബികൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനാവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകിക്കൊണ്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം) രൂപീകരിച്ചു. 2024 മാർച്ച് വരെ സംസ്ഥാനത്ത് 87 മുനിസിപ്പാലിറ്റികളും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും ഉണ്ടായിരുന്നു. ജില്ല തിരിച്ചുള്ള നഗരതദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം, ജനസംഖ്യ, പ്രതിശീർഷവരുമാനം എന്നിവ **പട്ടിക 4.1ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.1: ജില്ല തിരിച്ചുള്ള യുഎൽബികളുടെ എണ്ണം, നഗര ജനസംഖ്യ, പ്രതിശീർഷവരുമാനം**

| ക്രമ നമ്പർ | ജില്ല | നഗര ജനസംഖ്യ (ലക്ഷത്തിൽ) | പ്രതിശീർഷ വരുമാനം (₹) (ജില്ല) | യുഎൽബികളുടെ എണ്ണം | |
|---|---|---|---|---|---|
| | | | | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
| 1. | തിരുവനന്തപുരം | 17.72 | 145214 | 4 | 1 |
| 2. | കൊല്ലം | 11.82 | 180947 | 4 | 1 |
| 3. | പത്തനംതിട്ട | 1.32 | 113425 | 4 | 0 |
| 4. | ആലപ്പുഴ | 11.48 | 195817 | 6 | 0 |
| 5. | കോട്ടയം | 5.65 | 171528 | 6 | 0 |
| 6. | ഇടുക്കി | 0.52 | 149686 | 2 | 0 |
| 7. | എറണാകുളം | 22.34 | 202863 | 13 | 1 |
| 8. | തൃശ്ശൂർ | 20.96 | 164800 | 7 | 1 |
| 9. | പാലക്കാട് | 6.77 | 130112 | 7 | 0 |
| 10. | മലപ്പുറം | 18.17 | 109422 | 12 | 0 |
| 11. | കോഴിക്കോട് | 20.73 | 136648 | 7 | 1 |
| 12. | വയനാട് | 0.32 | 104305 | 3 | 0 |
| 13. | കണ്ണൂർ | 16.41 | 145441 | 9 | 1 |
| 14. | കാസർഗോഡ് | 5.09 | 127641 | 3 | 0 |
| | **ആകെ** | | | **87** | **6** |

*(ഉറവിടം : 2023ലെ എക്കണോമിക് റിവ്യൂവും തദ്ദേശ സ്വയംഭരണവകുപ്പ് പ്രസിദ്ധീകരിച്ച തദ്ദേശകവും)*

### 4.2 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗര തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 18 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

കൈമാറ്റം ചെയ്യുന്നതിന് കെഎം നിയമം വിഭാവനം ചെയ്യുന്നു. കേരള സർക്കാർ ഇതിൽ 14 ചുമതലകൾ യുഎൽബികൾക്ക് കൈമാറി (സെപ്റ്റംബർ 1995). ഭൂവിനിയോഗത്തിന്റെയും കെട്ടിടനിർമ്മാണത്തിന്റെയും നിയന്ത്രണം, ഗാർഹിക, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ജലവിതരണം, അഗ്നിശമന സേവനങ്ങൾ, നഗരവനവൽക്കരണം, പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതികമായ കാഴ്ചപ്പാടുകളുടെ പ്രചരണം എന്നീ ചുമതലകൾ യുഎൽബികൾക്ക് കൈമാറിയിട്ടില്ല (മാർച്ച് 2024). ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിലെ 18 ചുമതലകളിൽ 14 എണ്ണവും കൈമാറ്റം ചെയ്യപ്പെട്ടെങ്കിലും, കെഎം നിയമത്തിന്റെ ഒന്നാം പട്ടികയിലെ പൊതുവായ, അനിവാര്യ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളെ ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയുമായി ബന്ധിപ്പിക്കുന്ന രേഖാമൂലമുള്ള മാപ്പിംഗ് ഉണ്ടായിരുന്നില്ല. കൈമാറ്റം ചെയ്ത 14 ചുമതലകളിൽ ഏഴെണ്ണത്തിൽ മാത്രമേ യുഎൽബികൾക്ക് പരിപൂർണ്ണ ഉത്തരവാദിത്തമുണ്ടായിരുന്നുള്ളുവെന്നും **പട്ടിക 4.2ൽ** വിശദീകരിക്കുന്നതു പോലെ ഏഴ് ചുമതലകളിൽ പരിമിതമായ പങ്കോ അല്ലെങ്കിൽ ഒരു പങ്കും ഇല്ലാതിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 4.2: യുഎൽബികൾക്ക് ചുമതലകൾ കൈമാറിയതിന്റെ സ്ഥിതി**

| ക്രമ നമ്പർ | ഉത്തരവാദിത്തം | ചുമതലകൾ |
|---|---|---|
| 1 | **പൂർണ്ണ അധികാരം/ പ്രധാന സ്ഥാനം** | 1. ചേരി മെച്ചപ്പെടുത്തലും നവീകരണവും<br>2. റോഡുകളും പാലങ്ങളും<br>3. നഗര ദാരിദ്ര്യ ലഘൂകരണം<br>4. ശവസംസ്കാരങ്ങളും, ശ്മശാനങ്ങളും ശവദാഹങ്ങളും ശവദാഹഭൂമികളും വൈദ്യുത ശ്മശാനങ്ങളും<br>5. ജനന മരണ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സുപ്രധാന സ്ഥിതി വിവരക്കണക്കുകൾ<br>6. തെരുവ് വിളക്കുകൾ,പാർക്ക് ചെയ്യാനുള്ള സ്ഥലങ്ങൾ, ബസ് സ്റ്റോപ്പുകൾ, മുതലായ പൊതു സൗകര്യങ്ങൾ.<br>7. കശാപ്പുശാലകളുടെയും തുകൽപ്പണിശാലകളുടെയും നിയന്ത്രണം |
| 2 | **പരിമിതമായ സ്ഥാനം** | 1. ടൗൺ പ്ലാനിംഗ് ഉൾപ്പെടെയുള്ള നഗരാസൂത്രണം<br>2. സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനുവേണ്ടിയുള്ള ആസൂത്രണം.<br>3. പൊതുജനാരോഗ്യവും ശുചിത്വ സംരക്ഷണവും ഖരമാലിന്യപരിപാലനവും<br>4. ശാരീരികമായും ബൗദ്ധികമായും വൈകല്യമുള്ളവരുടേതുൾപ്പെടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കൽ.<br>5. പാർക്കുകൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ മുതലായ നാഗരിക സൗകര്യങ്ങൾ ലഭ്യമാക്കൽ.<br>6. സാംസ്കാരികപരവും വിദ്യാഭ്യാസപരവും സൗന്ദര്യപരവുമായ കാഴ്ചപ്പാടുകളുടെ പ്രചരണം<br>7. കന്നുകാലി പൗണ്ടുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയൽ |
| 3 | **കൈമാറാത്ത ചുമതലകൾ** | 1. ഭൂവിനിയോഗത്തിന്റെയും കെട്ടിട നിർമ്മാണത്തിന്റെയും നിയന്ത്രണം.<br>2. ഗാർഹിക, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ജലവിതരണം<br>3. അഗ്നിശമന സേവനങ്ങൾ<br>4. നഗരവനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും പാരിസ്ഥിതികമായ കാഴ്ചപ്പാടുകളുടെ പ്രചരണവും. |

*(ഉറവിടം: എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിശദാംശങ്ങൾ)*

### 4.2.1 യുഎൽബികൾക്ക് കൈമാറിയ പദ്ധതികൾ സർക്കാർ വകുപ്പുകൾ സമാന്തരമായി നിർവ്വഹിക്കുന്നത്

യുഎൽബികളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്തു കിട്ടിയ ചുമതലകളിൽപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പിലാക്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. യുഎൽബികൾ ഏറ്റെടുത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ വകുപ്പു ഫണ്ടുകൾ ഉപയോഗിച്ച് പട്ടികജാതി വികസന വകുപ്പ് സമാന്തരമായി നടപ്പിലാക്കി. പട്ടികജാതി സ്ത്രീകൾക്കുള്ള വിവാഹ ധനസഹായം, എസ്‌സി/എസ്ടി വിഭാഗത്തിൽപ്പെട്ടവർക്ക് ലാപ്ടോപ് വിതരണം എന്നിവ യുഎൽബികളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നടപ്പിലാക്കിയതായി കണ്ടു. സർക്കാർ പദ്ധതികൾ സമാന്തരമായി നടപ്പാക്കുന്നതിന്റെ ഫലമായി യുഎൽബികളിൽ നടപ്പിലാക്കുന്ന വകുപ്പുതല പദ്ധതികൾക്കായി വകുപ്പുതല ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സ്ഥിതി ഉണ്ടായി. വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികകൾ വാർഡ് കമ്മിറ്റിയുടെയോ വാർഡ് സഭകളുടെയോ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരുന്നില്ല. ആ കാരണത്താൽ, അത്തരം തിരഞ്ഞെടുപ്പിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത ഉണ്ട്.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട സമാന സ്വഭാവമുള്ള പദ്ധതികൾ യുഎൽബികളും സർക്കാരും സമാന്തരമായി നടപ്പാക്കുന്നത് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ യുഎൽബികളുടെയും വകുപ്പുകളുടെയും ഉത്തരവാദിത്തക്കുറവിന് കാരണമാകും. കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽപ്പെട്ട പദ്ധതികൾ വകുപ്പുകൾ തുടർന്നും നടപ്പിലാക്കുന്നത് യുഎൽബികളുടെ സ്വയംഭരണ അധികാരത്തെ കുറക്കുന്നതിനാൽ വികേന്ദ്രീകരണ ആശയങ്ങൾക്ക് എതിരാണ്.

### 4.2.2 ഉദ്യോഗസ്ഥരുടെ അപൂർണ്ണമായ കൈമാറ്റം

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗ്യതയുള്ളവരും പരിശീലനം ലഭിച്ചവരുമായ ഉദ്യോഗസ്ഥർ ആവശ്യമാണ്. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ 10 വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളെ സർക്കാർ കൈമാറി (സെപ്റ്റംബർ 1995). എന്നിരുന്നാലും കൈമാറ്റം പൂർണ്ണമായ രീതിയിൽ നടന്നില്ല. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറെ മുനിസിപ്പാലിറ്റികൾ/മുനിസിപ്പൽ കോർപ്പറേഷനുകളിലേക്ക് മാറ്റിയെങ്കിലും അദ്ദേഹത്തിന്റെ സേവനം യുഎൽബികൾക്ക് ലഭ്യമായിരുന്നില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2000 ജൂലൈയിൽ യുഎൽബികളിൽ 89 ക്ലറിക്കൽ തസ്തികകൾ വേണമെന്ന് കണക്കാക്കിയെങ്കിലും 2024 മാർച്ച് മാസത്തിൽ 61 ജീവനക്കാരുടെ കുറവുണ്ടായിരുന്നു.

എഴുപത്തിനാലാം ഭരണഘടനാഭേദഗതി നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ സ്വയംഭരണാവകാശം നൽകിയിരുന്നെങ്കിലും, യുഎൽബികൾ സർക്കാർ നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായും മുക്തമായിരുന്നില്ല. ഭരണഘടനാഭേദഗതിക്ക് ശേഷം 25 വർഷത്തിലേറെ ആയിട്ടും ബന്ധപ്പെട്ട ചുമതലകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ യുഎൽബികളിലേയ്ക്കുള്ള കൈമാറ്റം പൂർത്തിയായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയുക്തമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന പാരാസ്റ്റാറ്റലുകളും തമ്മിലുള്ള ബന്ധത്തിൽ വ്യക്തത ഇല്ലെന്നും, ഇത് വ്യക്തമായി പ്രസ്താവിക്കണമെന്നും നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിരീക്ഷിച്ചു. സർക്കാർ ശിപാർശ അംഗീകരിച്ചെങ്കിലും, തുടർ നടപടികൾ എടുക്കേണ്ട സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തില്ല (2024 മാർച്ച്).

## 4.3 യുഎൽബികളുടെ സംഘടനാ രൂപം

എല്ലാ യുഎൽബികളുടെയും ഭരണനിർവ്വഹണത്തിനുള്ള നോഡൽ വകുപ്പാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള തദ്ദേശ സ്വയംഭരണവകുപ്പ് (എൽഎസ്ജിഡി). ധനകാര്യം, അക്കൗണ്ടുകളുടെ പരിപാലനം, ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെ രൂപീകരണം, പരിസ്ഥിതി നിയന്ത്രണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ദേശീയ, സംസ്ഥാന നയങ്ങൾക്കനുസൃതമായി എൽഎസ്ജിഐകൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ എൽഎസ്ജിഡിയ്ക്ക് അധികാരമുണ്ട്.

ചെയർപേഴ്സൺ/മേയർ ആണ് യുഎൽബികളുടെ ഭരണത്തലവൻ. ഓരോ യുഎൽബിക്കും മുഖ്യനിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു സെക്രട്ടറി ഉണ്ട്. യുഎൽബികളുടെ കൗൺസിലർമാരാണ് ചെയർപേഴ്സൺ/മേയർ, വൈസ് ചെയർപേഴ്സൺ/ ഡെപ്യൂട്ടിമേയർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്. സർക്കാർ തലത്തിലും യുഎൽബി തലത്തിലുമുള്ള ഓർഗനോഗ്രാം **ചിത്രം 4.1ൽ** കൊടുത്തിരിക്കുന്നു.

**ചിത്രം 4.1 : യുഎൽബികളുടെ ഓർഗനോഗ്രാം**




## 4.4 വിവിധ കമ്മിറ്റികളുടെ രൂപീകരണം

യുഎൽബികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് കെഎം നിയമം വിഭാവനം ചെയ്തിട്ടുണ്ട്. കെഎം നിയമത്തിലെ 20-ാം വകുപ്പ് ഓരോ യുഎൽബിയിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ

രൂപീകരിക്കുന്നതിനെക്കുറിച്ചും 23-ാം വകുപ്പ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

**സ്റ്റാന്റിംഗ് കമ്മിറ്റികൾ**

മുനിസിപ്പൽ കൗൺസിലുകളുടെ തീരുമാനത്തിനായി പരിഗണിക്കുന്നതിന് മുമ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്യണം. ഓരോ മുനിസിപ്പാലിറ്റിയിലും ആറ്[34] സ്റ്റാന്റിംഗ് കമ്മിറ്റികളും ഓരോ കോർപ്പറേഷനിലും എട്ട്[35] സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശം, മേൽനോട്ടം, നിയന്ത്രണം എന്നിവയ്ക്ക് കീഴിലാണ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ അതാത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ അവരുടെ ഇടയിൽ നിന്നാണ് തിരഞ്ഞെടുക്കുന്നത്. ഡെപ്യൂട്ടി ചെയർപേഴ്സണാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഓഫിഷ്യോ അംഗവും ചെയർപേഴ്സണും. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അവരുടെ വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാൻ അധികാരമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ പ്രമേയവും യുഎൽബികളുടെ മുനിസിപ്പൽ കൗൺസിലിന്റെ അടുത്ത യോഗത്തിൽ അവതരപ്പിക്കേണ്ടതുണ്ട്. ആവശ്യമെങ്കിൽ, കൗൺസിലിന് പ്രമേയങ്ങളിൽ ഭേദഗതി വരുത്താൻ കഴിയും.

**സ്റ്റിയറിംഗ് കമ്മിറ്റി**

കെഎം നിയമത്തിലെ ഖണ്ഡിക 23-ാം വകുപ്പ് അനുസരിച്ച്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക, കൂടാതെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏൽപ്പിച്ചിട്ടുള്ള മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുക എന്നിവ സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സണും ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**വാർഡ് കമ്മിറ്റികളും/വാർഡ് സഭകളും**

ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് സഭകളും, ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റികളും ആസൂത്രണ പ്രക്രിയയിൽ ഒരു പ്രധാനപങ്ക് വഹിക്കുന്നു. ഗുണഭോക്തൃകേന്ദ്രീകൃത പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ മുൻഗണനകൾ തീരുമാനിക്കുന്നതും പദ്ധതികൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും അവരാണ്. വാർഡിലെ എല്ലാ വിഭാഗം ആളുകളെയും വിശാലമായി പ്രതിനിധീകരിക്കുന്ന വിധത്തിൽ വാർഡ് കമ്മിറ്റികളിൽ റസിഡന്റ്സ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാഭ്യാസ സ്ഥാപനമേധാവികൾ, പ്രൊഫഷണലുകൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള കുറഞ്ഞത് 55 മുതൽ 60 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. വാർഡ് കമ്മിറ്റികൾക്ക് ആകെ അംഗങ്ങളുടെ അഞ്ചിലൊന്നും, വാർഡ് സഭകൾക്ക് വാർഡിലെ ആകെ വോട്ടർമാരുടെ പത്തിലൊന്ന് പേരുമാണ് അവരുടെ യോഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ക്വാറം.

## 4.5 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണം

അക്കൗണ്ടന്റ് ജനറൽ പരിഹാര നടപടികൾക്കായി പുറപ്പെടുവിച്ച പരിശോധന റിപ്പോർട്ടുകൾക്ക് നിർദ്ദിഷ്ട നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പോരായ്മകൾ,

34 (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി(3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (5) വിദ്യാഭ്യാസം, കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി (6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

35 (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി (3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (5) വിദ്യാഭ്യാസ, കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി (6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (7) നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി (8) നികുതി അപ്പീൽ സ്റ്റാന്റിംഗ് കമ്മിറ്റി

വീഴ്ചകൾ മുതലായവയ്ക്ക് ഉത്തരവാദിത്തത്തോടെ എത്രയും വേഗം മറുപടി നൽകാൻ 2010 ലും 2017 ലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓഡിറ്റ് തടസ്സങ്ങൾ/പരിശോധന റിപ്പോർട്ടുകൾ/കരട് ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയ്ക്കുള്ള നിർദ്ദേശങ്ങളുടെ കൈപ്പുസ്തകം വ്യവസ്ഥ ചെയ്യുന്നു. ഓഫീസ് മേധാവികളും, അടുത്ത ഉയർന്ന അധികാരികളും പരിശോധന റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ പാലിക്കുകയും പോരായ്മകളും ഒഴിവാക്കലുകളും പരിഹരിക്കുകയും, പരിശോധന റിപ്പോർട്ടുകൾ ലഭിച്ച് നാല് ആഴ്ചയ്ക്കുള്ളിൽ പരിഹാര നടപടി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും വേണം. 2023 മാർച്ച് വരെ, യുഎൽബികളിൽ 130 പരിശോധന റിപ്പോർട്ടുകൾ (888 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടു. അവശേഷിക്കുന്ന പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.1ൽ** നൽകിയിരിക്കുന്നു.

### 4.5.1 സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ നിയമസഭാ സമിതിയുടെ ചർച്ച

സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ യുഎൽബികളുമായി ബന്ധപ്പെട്ട ഖണ്ഡികകളിൻമേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അവശേഷിക്കുന്ന ചർച്ചകളെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.3ൽ** നൽകിയിരിക്കുന്നു:

**പട്ടിക 4.3: സിഎജിയുടെ റിപ്പോർട്ടിൻമേൽ നിയമസഭാ സമിതിയുടെ ചർച്ച**

| ഓഡിറ്റ് റിപ്പോർട്ടിന്റെ പേര് | റിപ്പോർട്ടിന്റെ വർഷം | ചർച്ച അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം (2024 ജൂൺ വരെ) |
|---|---|---|
| നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്നതിനെക്കുറിച്ചുള്ള സിഎജിയുടെ റിപ്പോർട്ട് (സ്റ്റാൻഡെലോൺ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ) | 2021 മാർച്ച് (2022 വർഷത്തെ റിപ്പോർട്ട് നമ്പർ 9) | അദ്ധ്യായങ്ങൾ IV, V, VI |

## 4.6 ഉത്തരവാദിത്ത സംവിധാനവും ധനകാര്യ റിപ്പോർട്ടിംഗ് പ്രശ്നങ്ങളും

### 4.6.1 വസ്തു നികുതി ബോർഡ്

പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് ഒരു വസ്തുനികുതി ബോർഡ് രൂപീകരിക്കാൻ ഉത്തരവിട്ടു. അതനുസരിച്ച്, ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളും ഉള്ള ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാനുള്ള ഉത്തരവ് സർക്കാർ (2011 ഫെബ്രുവരി) പുറപ്പെടുവിച്ചു. നികുതി ചുമത്താവുന്ന എല്ലാ വസ്തുക്കളിലും വസ്തു നികുതി ചുമത്തുന്നതും, ശേഖരിക്കുന്നതും ഉറപ്പാക്കുക, മൂല്യനിർണ്ണയത്തിൽ വൈദഗ്ധ്യം പങ്കിടുക, യുഎൽബിയിലെ ജീവനക്കാർക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകുക എന്നീ കാര്യങ്ങളിൽ ബോർഡ് നടപടിയെടുക്കണം. സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളെയും, മുനിസിപ്പൽ കോർപ്പറേഷനുകളെയും അവയുടെ അധികാര പരിധിയിലുള്ള എല്ലാ വസ്തുക്കളും എണ്ണിത്തിട്ടപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സ്വതന്ത്രവും സുതാര്യവുമായ ഒരു നടപടിക്രമം നടപ്പിലാക്കാൻ സഹായിക്കുക, വസ്തുക്കളുടെ വിലയിരുത്തലിനും, മൂല്യനിർണ്ണയത്തിനും അവയുടെ കാലിക പരിഷ്കരണങ്ങൾക്കും അനുയോജ്യമായ അടിസ്ഥാനങ്ങൾ നിർദ്ദേശിക്കുക എന്നുള്ളവയായിരുന്നു ബോർഡിന്റെ ലക്ഷ്യം.

സംസ്ഥാനത്ത് വസ്തു നികുതി ബോർഡ് രൂപീകരിച്ചുവെങ്കിലും ബോർഡ് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല (2024 ഫെബ്രുവരി).

### 4.6.2 നഗര തദ്ദേശ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകൾ

മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ പിന്തുണയോടെ മാത്രമേ കൈമാറിയ ചുമതലകൾ യുഎൽബികൾക്ക് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക കൈമാറ്റങ്ങളിലൂടെയും കേന്ദ്രധനകാര്യ കമ്മീഷന്റെ ശിപാർശകൾ പാലിക്കുന്നതിലൂടെയും ചെലവ് ആവശ്യങ്ങൾക്കനുസൃതമായി സ്വന്തം വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയുമാണ് സാമ്പത്തിക സ്രോതസ്സുകൾ ലഭിക്കുന്നത്. യുഎൽബികളുടെ വിഭവസ്രോതസ്സുകളിൽ തനതു വരുമാനമായ നികുതി, നികുതിയേതര വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, കേന്ദ്രസർക്കാർ നൽകുന്ന ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഞ്ചിത നിധിയിൽ നിന്ന് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു, അതായത് ഗ്രാന്റുകൾ (പൊതു ആവശ്യ ഫണ്ട്, മെയിൻ്റനൻസ് ഫണ്ട്, വികസന ഫണ്ട്) സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്നിവ. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ യുഎൽബികളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 4.4ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.4: യുഎൽബികളുടെ വിഭവങ്ങളുടെ ഘടന**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| **തനതു വരുമാനം:**<br>i. നികുതി വരുമാനം | 795.13 | 667.34 | 684.13 | 824.15 | 909.27 |
| ii. നികുതിയേതര വരുമാനം | 130.20 | 113.56 | 192.58 | 240.81 | 312.17 |
| **ആകെ തനതു വരുമാനം** | **925.33** | **780.90** | **876.71** | **1064.96** | **1221.44** |
| **സംസ്ഥാന ഫണ്ട്:**<br>i. പരമ്പരാഗതമായ ചുമതലകൾ | 493.51 | 351.40 | 367.76 | 413.88 | 385.26 |
| ii. പരിപാലനത്തിനുള്ള ഫണ്ട് (റോഡ് ആസ്തികളും റോഡ് ഇതര ആസ്തികളും) | 442.05 | 519.15 | 552.17 | 633.57 | 573.06 |
| iii. വികസനവും പുരോഗതിയും | 1015.04 | 890.13 | 1298.23 | 1137.03 | 1236.76 |
| iv. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ | 1162.92 | 928.24 | 1156.86 | 623.31 | 1275.53 |
| v. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം | 373.56 | 281.85 | 742.68 | 213.46 | 566.08 |
| **ആകെ സംസ്ഥാന ഫണ്ടുകൾ** | **3487.08** | **2970.77** | **4117.70** | **3021.25** | **4036.69** |
| **കേന്ദ്രസർക്കാർ ധനസഹായം:**<br>i. കേന്ദ്രാവിഷ്കൃത പദ്ധതികൾ | 1002.39 | 385.18 | 284.15 | 457.47 | 674.93 |
| ii. വികസനവും പുരോഗതിയും (15 -ാമത് ധനകാര്യ കമ്മീഷൻ) | 835.53 | 947.03 | 1329.85 | 910.29 | 745.48 |
| **ആകെ കേന്ദ്രസർക്കാർ ഗ്രാന്റ്** | **1837.92** | **1332.21** | **1614.00** | **1367.76** | **1420.41** |
| **മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം:**<br>വായ്പകൾ | **427.19** | **530.42** | **195.03** | **91.81** | **20.86** |
| **ആകെ വരുമാനം** | **6677.52** | **5614.30** | **6803.44** | **5545.78** | **6699.40** |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടർ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ(കെയുആർഡിഎഫ് സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)*

- 2022-23 കാലയളവിൽ, മൊത്തം വരുമാനത്തിൽ, സംസ്ഥാന, കേന്ദ്ര, തനത് വരുമാനം, വായ്പകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം എന്നിവയുടെ ശതമാനം യഥാക്രമം 60.25 ശതമാനം, 21.20 ശതമാനം, 18.23 ശതമാനം, 0.31 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- ആകെ വരുമാനത്തിൽ കേന്ദ്രസർക്കാർ ധനസഹായത്തിന്റെ വിഹിതം 2018-19ൽ 27.52 ശതമാനത്തിൽ നിന്ന് 2022-23-ൽ 21.20 ശതമാനമായി കുറഞ്ഞു.
- 2018-19 മുതൽ 2022-23 വരെ മൊത്തം വരുമാനത്തിൽ സംസ്ഥാന ഗ്രാന്റുകളുടെ വിഹിതം 52.22 ശതമാനം മുതൽ 60.52 ശതമാനം വരെ ആയിരുന്നു.

### 4.6.3 സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ യുഎൽബികൾ നടത്തിയ ചെലവ്

സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു; അതായത് പൊതു ആവശ്യ ഫണ്ട്, വികസന ഫണ്ട്, മെയിൻ്റനൻസ് ഫണ്ട്. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IVൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഫണ്ടുകളുടെ വിഹിതം നൽകിയിരിക്കുന്നു. 2022-23ൽ അനുവദിച്ച ഫണ്ടുകളുടെയും ചെലവ് ചെയ്തതിന്റെയും വിശദാംശങ്ങൾ **പട്ടിക 4.5ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.5: 2022-23ൽ യുഎൽബികൾ നടത്തിയ ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഫണ്ടിന്റെ തരം | അക്കൗണ്ട് ശീർഷകം | അനുവദിച്ച തുക | ചെലവ് | ചെലവഴി-ക്കാത്ത ബാക്കി |
|---|---|---|---|---|---|
| 1 | പൊതു ആവശ്യ ഫണ്ട് | 3604-00-200-83 (01,02) | 385.26 | 384.88 | 0.38 |
| 2 | മെയിൻ്റനൻസ് ഫണ്ട് (റോഡിതരം) | 3604-00-200-82 (01,02) | 244.27 | 191.59 | 52.68 |
| 3 | മെയിൻ്റനൻസ് ഫണ്ട് (റോഡ്) | 3054-80-191-37 , 3054-80-192-37 | 328.79 | 220.97 | 107.82 |
| 4 | വികസന ഫണ്ട് | 3604-00-200-81 (01 ,06,11,02,07,12)-35 | 1236.76 | 1012.66 | 224.10 |
| | **ആകെ** | | **2195.08** | **1810.10** | **384.98** |

*(ഉറവിടം: സർക്കാർ ഉത്തരവുകൾ, വൗച്ചർ തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത വിവരങ്ങൾ)*

വികസന, മെയിൻ്റനൻസ് ഫണ്ടുകളിലായി ആകെ അനുവദിച്ച ₹1809.82 കോടിയിൽ ₹384.60 കോടി (21.25 ശതമാനം) സാമ്പത്തിക വർഷം അവസാനത്തോടെ കാലഹരണപ്പെട്ടു.

### 4.6.4 വിഭവങ്ങളുടെ വിനിയോഗം

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ, ഉത്പാദന, അടിസ്ഥാനസൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും, മറ്റ് ചെലവുകളും[36] ഉൾപ്പെടുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ടുകളിൽ നിന്നുമുള്ള യുഎൽബികളുടെ ചെലവ് **പട്ടിക 4.6ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.6: യുഎൽബികളുടെ വിഭവങ്ങളുടെ വിനിയോഗം**

*(₹ കോടിയിൽ)*

| മേഖല | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | ആകെ |
|---|---|---|---|---|---|---|
| **ഉത്പാദന മേഖല** | 81.37 | 52.69 | 155.56 | 97.79 | 124.34 | 511.75 |
| **പശ്ചാത്തല മേഖല** | 857.93 | 670.25 | 1251.70 | 1132.11 | 1296.20 | 5208.20 |
| **സേവന മേഖല** | 754.20 | 420.53 | 1117.39 | 627.40 | 587.56 | 3507.08 |
| **ആകെ വികസന ചെലവ്** | **1693.50** | **1143.47** | **2524.65** | **1857.30** | **2008.10** | **9227.03** |

*(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

36 ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ് ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

- 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്തം വികസന ചെലവ് ₹9227.03 കോടി ആയിരുന്നു. അതിൽ ഉത്പാദന മേഖല, പശ്ചാത്തല മേഖല, സേവന മേഖല എന്നിവയിലെ ചെലവിന്റെ ശതമാനം യഥാക്രമം 5.55 ശതമാനം, 56.44 ശതമാനം, 38.01 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- ഉത്പാദനമേഖലയ്ക്കായി ചെലവഴിച്ച തുക 4.61 ശതമാനം (2019-20) മുതൽ 6.19 ശതമാനം (2022-23) വരെയായിരുന്നു. ഇത് സൂചിപ്പിക്കുന്നത് യുഎൽബികൾ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായങ്ങൾ തുടങ്ങിയ ഉത്പാദന മേഖലയ്ക്ക് കുറഞ്ഞ മുൻഗണനയാണ് നൽകിയിട്ടുള്ളത് എന്നാണ്.

### 4.6.5 നഗര തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

രൂപീകരിച്ചതും, ഏറ്റെടുത്തതും, പൂർത്തിയാക്കിയതുമായ പദ്ധതികളുടെയും ചെലവായ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 4.7ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.7: ഏറ്റെടുത്ത പദ്ധതികളുടെയും ചെലവായ തുകയുടെയും വിവരങ്ങൾ (2018-19 മുതൽ 2022-23 വരെ)**

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തരം | പദ്ധതികളുടെ എണ്ണം | | | തുക (₹ കോടിയിൽ) | | പൂർത്തിയാക്കിയ പദ്ധതികൾക്കുള്ള ചെലവ് | പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഉപയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| | | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | | |
| **2018-19** | മുനിസിപ്പാലിറ്റി | 30802 | 19382 | 16147 | 2448.17 | 1036.54 | 808.96 | 42.34 |
| | കോർപ്പറേഷൻ | 7897 | 4412 | 3257 | 1436.03 | 656.17 | 431.87 | 45.69 |
| **2019-20** | മുനിസിപ്പാലിറ്റി | 32661 | 13898 | 9226 | 2475.11 | 728.02 | 452.16 | 29.41 |
| | കോർപ്പറേഷൻ | 8467 | 2808 | 1566 | 1552.44 | 416.48 | 211.54 | 26.83 |
| **2020-21** | മുനിസിപ്പാലിറ്റി | 34400 | 24140 | 20115 | 2712.26 | 1441.43 | 1129.82 | 53.14 |
| | കോർപ്പറേഷൻ | 8599 | 6245 | 5175 | 1912.69 | 1073.47 | 781.09 | 56.12 |
| **2021-22** | മുനിസിപ്പാലിറ്റി | 18335 | 12270 | 9144 | 1479.83 | 840.00 | 607.12 | 56.76 |
| | കോർപ്പറേഷൻ | 4306 | 2542 | 1953 | 1106.26 | 527.69 | 418.72 | 47.70 |
| **2022-23** | മുനിസിപ്പാലിറ്റി | 20731 | 12447 | 9234 | 1652.29 | 850.98 | 610.05 | 51.50 |
| | കോർപ്പറേഷൻ | 5608 | 2852 | 1897 | 1381.66 | 607.09 | 431.53 | 43.94 |
| | **ആകെ** | **171806** | **100996** | **77714** | **18156.74** | **8177.87** | **5882.86** | **45.04** |

*(ഉറവിടം : ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- രൂപീകരിച്ച പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികൾ മുനിസിപ്പാലിറ്റികളിൽ 43 ശതമാനം മുതൽ 70 ശതമാനം വരെയും കോർപ്പറേഷനുകളിൽ 33 ശതമാനം മുതൽ 73 ശതമാനം വരെയും ആയിരുന്നു.

- നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം മുനിസിപ്പാലിറ്റികളിൽ 66 ശതമാനം മുതൽ 83 ശതമാനം വരെയും കോർപ്പറേഷനുകളിൽ 56 ശതമാനം മുതൽ 83 ശതമാനം വരെയും ആയിരുന്നു.

- രൂപീകരിച്ച പദ്ധതികൾക്കായി വകയിരുത്തിയ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ ഫണ്ട് വിനിയോഗം മുനിസിപ്പാലിറ്റികളിൽ 29

ശതമാനം മുതൽ 57 ശതമാനം വരെയും കോർപ്പറേഷനുകളിൽ 27 ശതമാനം മുതൽ 56 ശതമാനം വരെയും ആയിരുന്നു.

## 4.7 സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്സി) ശിപാർശകളും എസ്എഫ്സി ഫണ്ടുകളുടെ വിനിയോഗവും

### 4.7.1 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഘടന

പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി അവലോകനം ചെയ്യുന്നതിനായി രൂപീകരിച്ച ധനകാര്യ കമ്മീഷൻ, മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതിയും അവലോകനം ചെയ്യണമെന്ന് ആർട്ടിക്കിൾ 243-വൈ വിഭാവനം ചെയ്യുന്നു. 1996-2001 കാലയളവിലേക്കായി, ആദ്യത്തെ എസ്എഫ്സി 1994 ഏപ്രിൽ 23-ന് രൂപീകരിച്ചു. അതിനുശേഷം, സംസ്ഥാനത്ത് ആറ് എസ്എഫ്സികൾ രൂപീകരിച്ചു (ഡിസംബർ 2023).

### 4.7.2 സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്സി) ശിപാർശകൾ

അഞ്ചാമത്തെയും ആറാമത്തെയും എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ സ്ഥിതിവിവരം **പട്ടിക 4.8ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.8: എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ**

| എസ്എഫ്സി | കാലഘട്ടം | ആകെ ശിപാർശകളുടെ എണ്ണം | കേരള സർക്കാർ അംഗീകരിച്ചത് | മാറ്റിവച്ചത് | അംഗീകരിക്കാത്തത് | ഭാഗികമായി അംഗീകരിച്ചത് | നടപ്പിലാക്കിയത് |
|---|---|---|---|---|---|---|---|
| അഞ്ചാമത് എസ്എഫ്സി | 2016-17 മുതൽ 2020-21 വരെ | 103 | 74 | 3 | 26 | 0 | 36 |
| ആറാമത് എസ്എഫ്സി | 2021-22 മുതൽ 2025-26 വരെ | 136 | 109 | 3 | 20 | 4 | 44 |

*(ഉറവിടം:- സംസ്ഥാന ധനകാര്യകമ്മീഷനുകളുടെ റിപ്പോർട്ടുകളിൻ മേലുള്ള നടപടി റിപ്പോർട്ടുകളും, ആറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നും രണ്ടും ഭാഗങ്ങളും)*

അഞ്ചാം എസ്എഫ്സി യുടെ അംഗീകരിക്കപ്പെട്ട 74 ശിപാർശകളിൽ 36 ശിപാർശകൾ മാത്രമേ സംസ്ഥാനം നടപ്പിലാക്കിയിട്ടുള്ളൂ. ആറാമത്തെ എസ്എഫ്സിയുടെ 109 ശിപാർശകളിൽ 44 ശിപാർശകൾ മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ (ഡിസംബർ 2024).

### 4.7.3 സംസ്ഥാനത്തിനും യുഎൽബിക്കും ഇടയിൽ ഉള്ള ഫണ്ട് കൈമാറ്റത്തിന്റെയും വരുമാനം പങ്കിടുന്നതിന്റെയും അവസ്ഥ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടുകൾ, പരിപാലന ഫണ്ടുകൾ, പൊതു ആവശ്യ ഫണ്ടുകൾ എന്നിവ നൽകാൻ എസ്എഫ്സികൾ ശിപാർശ ചെയ്തിരുന്നു. യുഎൽബികളുടെ സാമ്പത്തിക സ്രോതസ്സുകളിൽ ഭൂരിഭാഗവും എസ്എഫ്സികൾ ശിപാർശചെയ്യുന്ന ധനസഹായം ആയിരുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതവും യുഎൽബികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങളും **പട്ടിക 4.9ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.9: 2018-19 മുതൽ 2022-23 വരെ എസ്എഫ്സി ശിപാർശ പ്രകാരം നൽകേണ്ടതും അനുവദിച്ചതുമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതം | ബജറ്റിലെ യഥാർത്ഥ വിഹിതം അനുബന്ധം IV | കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിൽ നിന്നുള്ള യഥാർത്ഥ വിതരണം[37] | നൽകിയതിലെ കുറവ് (-) / അധികം(+) | നൽകിയതിലെ കുറവ് (-) / അധികത്തിന്റെ (+) ശതമാനം |
|---|---|---|---|---|---|
| 2018-19 | 1719.33 | 1948.19 | 1950.59 | (+) 231.26 | (+) 13.45 |
| 2019-20 | 1706.46 | 1706.46 | 1760.68 | (+) 54.22 | (+) 3.18 |
| 2020-21 | 1864.49 | 1881.63 | 2218.16 | (+) 353.67 | (+) 18.97 |
| 2021-22 | 1964.19 | 2070.79 | 2184.48 | (+) 220.29 | (+) 11.22 |
| 2022-23 | 2152.85 | 2192.97 | 2195.07 | (+) 42.22 | (+) 1.96 |
| **ആകെ** | **9407.32** | **9800.04** | **10308.98** | **(+) 901.66** | **(+) 9.58** |

*(ഉറവിടം: എസ്എഫ്സി സെല്ലും, ധനകാര്യവകുപ്പും നൽകിയ വിവരങ്ങൾ)*

### *4.7.3.1 എസ്എഫ്സി വിഹിതത്തിന്റെ വൈകിയ/കുറഞ്ഞ വിതരണം*

സർക്കാർ നിർദ്ദേശങ്ങൾ (മാർച്ച് 2015) പ്രകാരം ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് ധനകാര്യവകുപ്പ് എല്ലാ വർഷവും മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25-ാം തീയതിയ്ക്ക് മുമ്പായി അനുവദിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്ത മാസത്തെ ആദ്യപ്രവൃത്തി ദിവസം മുതൽ ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. ഒരു സാമ്പത്തിക വർഷത്തിൽ, മാർച്ച് 31 വരെ പിൻവലിക്കാത്ത ഫണ്ടുകൾ സ്വാഭാവികമായും കാലഹരണപ്പെടും. 2022-23 കാലയളവിൽ വികസന ഫണ്ടുകളുടെയും പരിപാലന ഫണ്ടുകളുടെയും വിതരണത്തിൽ യഥാക്രമം 80 ദിവസത്തിന്റെയും 42 ദിവസത്തിന്റെയും കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. ഫണ്ട് വിതരണം വൈകിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ലഭ്യമായ സമയം കുറച്ചു.

## 4.8 കേന്ദ്ര ധനകാര്യ കമ്മീഷന്റെ (സിഎഫ്സി) ശിപാർശകളും സിഎഫ്സി ഫണ്ടുകളുടെ വിനിയോഗവും

ഭരണഘടനയുടെ അനുച്ഛേദം 280(3) (സി) പ്രകാരം, അതത് സംസ്ഥാനങ്ങളിലെ എസ്എഫ്സി കളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, മുനിസിപ്പാലിറ്റികളുടെ വിഭവങ്ങൾ മെച്ചപ്പെടുത്താനായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർബന്ധിതമാണ്.

പതിനാലാം സിഎഫ്സി യുഎൽബികൾക്ക് ബേസിക് ഗ്രാന്റും പെർഫോർമൻസ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തപ്പോൾ, പതിനഞ്ചാം സിഎഫ്സി പ്രത്യേക ഉദ്ദേശ്യങ്ങളോട് കൂടിയല്ലാത്ത അടിസ്ഥാന ഗ്രാന്റും, പ്രത്യേക ഉദ്ദേശ്യഗ്രാന്റും നൽകാൻ ശിപാർശചെയ്തു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ഉം, 15-ഉം സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.10ൽ** കാണിച്ചിരിക്കുന്നു.

[37] മുൻവർഷത്തെ ചെലവഴിക്കാത്ത തുകയുടെ പുനർഅംഗീകാരം ഉൾപ്പെടുന്നു

**പട്ടിക 4.10: 2018-19 മുതൽ 2022-23 വരെ സംസ്ഥാനത്തുള്ള യുഎൽബികൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ**[38]

*(₹ കോടിയിൽ)*

| വർഷം | പൊതുവായ ബേസിക് ഗ്രാന്റുകൾ | | | പെർഫോർമൻസ് ഗ്രാന്റും / പ്രത്യേക ഉദ്ദേശ്യഗ്രാന്റും | | | വിനിയോഗം |
|---|---|---|---|---|---|---|---|
| | കേന്ദ്രസർക്കാർ അനുവദിച്ചത് | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകിയത് | കേന്ദ്രസർക്കാർ അനുവദിച്ചത് | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചത് | സംസ്ഥാന സർക്കാർ യുഎൽബികൾക്ക് അനുവദിച്ചത് | |
| 2018-19 | 650.84 | 650.84 | 650.84 | 184.69 | 0 | 184.69 | 476.45 |
| 2019-20 | 879.42 | 879.42 | 879.42 | 241.83 | 0 | 0 | 248.64 |
| 2020-21 | 222.50 | 222.50 | 222.50 | 561.50 | 561.50 | 561.50 | 760.64 |
| 2021-22 | 134.40 | 134.40 | 134.40 | 457.60 | 457.60 | 457.60 | 484.88 |
| 2022-23 | 139.20 | 139.20 | 139.20 | 473.80 | 473.80 | 473.80 | 509.31 |
| **ആകെ** | **2026.36** | **2026.36** | **2026.36** | **1919.42** | **1492.90** | **1677.59** | **2479.92** |

*(ഉറവിടം: എസ്എഫ്സി സെൽ നൽകിയ വിവരങ്ങൾ)*

2018-19, 2019-20 വർഷങ്ങളിലായി ₹426.52 കോടിയുടെ പെർഫോർമൻസ് ഗ്രാന്റ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ടിയിരുന്നെങ്കിലും, ആ തുക ഇന്നു വരെ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനം ₹426.52 കോടിയിൽ ₹184.69 കോടി യുഎൽബികൾക്ക് അനുവദിച്ചു.

## 4.9 രേഖകളുടെ പരിപാലനം

കെഎം നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം യുഎൽബികൾ സർക്കാരിലേക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ/റിട്ടേണുകൾ **പട്ടിക 4.11ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.11: യുഎൽബികളുടെ റിപ്പോർട്ടുകളുടെയും/ റിട്ടേണുകളുടെയും സമർപ്പിക്കൽ**

| നിയമങ്ങളും ചട്ടങ്ങളും പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന റിപ്പോർട്ടുകളും/ റിട്ടേണുകളും | സമർപ്പിക്കപ്പെടേണ്ട അധികാരി | ചട്ടത്തിലെ വ്യവസ്ഥ |
|---|---|---|
| ബജറ്റ് | സർക്കാരും ജില്ലാ ആസൂത്രണ സമിതിയും | കെഎം നിയമം -289 |
| വികസന പദ്ധതികൾ | ജില്ലാ ആസൂത്രണസമിതി | കെഎം നിയമം -69(1) |
| വാർഷിക ഭരണ റിപ്പോർട്ട് | നിയമസഭയിൽ വയ്ക്കാനായി സർക്കാരിന് സമർപ്പിക്കേണ്ടതാണ് | കെഎം നിയമം -63 |
| വാർഷിക അക്കൗണ്ടുകൾ | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ലോക്കൽ ഫണ്ട് പരിശോധന | കെഎം നിയമം -295 |

## 4.10 യുഎൽബികളുടെ അക്കൗണ്ട് പരിപാലനം

2007-08 മുതൽ സംസ്ഥാനത്തെ യുഎൽബികൾ സാംഖ്യ ഡബിൾ എൻട്രി (അക്രൂവൽ അധിഷ്ഠിതം) അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടർന്നു വരുന്നു. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, ഭവന നഗരവികസന മന്ത്രാലയം നിർദ്ദേശിക്കുന്നതും, സർക്കാർ അംഗീകരിച്ചതും, നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ, 2004 അടിസ്ഥാനമാക്കിയുള്ളതുമാണ്. ഇൻഫർമേഷൻ കേരള മിഷൻ വഴി സംസ്ഥാന സർക്കാർ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികകൾ നിയമപ്രകാരമുള്ള

[38] ചെലവഴിക്കാത്ത തുകയുടെ പുനരംഗീകാരവും ആരോഗ്യമേഖലഗ്രാന്റും ഇതിൽ ഉൾപ്പെടുന്നില്ല.

ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്[39] (കെഎസ്എഡി) സമർപ്പിക്കുന്നു. 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം, യുഎൽബികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റിനുള്ള അധികാരം കെഎസ്എഡിയ്ക്കാണ്. പ്രാഥമിക ഓഡിറ്ററായ കെഎസ്എഡി എല്ലാ യുഎൽബികളുടെയും 2022-23 കാലയളവിലേക്കുള്ള ഓഡിറ്റ് പൂർത്തിയാക്കി, സിറ്റി ഫിനാൻസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഈ യുഎൽബികളുടെ 2022-23 കാലയളവ് വരെയുള്ള അക്കൗണ്ടുകൾ നിയമപ്രകാരമുള്ള ഓഡിറ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്(2024 ജൂൺ).

## 4.11 സിഎജിയുടെ അനുബന്ധ ഓഡിറ്റ്

കെഎസ്എഡി ഓഡിറ്റ് ചെയ്ത പത്ത് അക്കൗണ്ടുകൾ[40] സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും[41] നൽകുന്നതിന്റെ ഭാഗമായി 2021-22 നും 2022-23 നുമിടയിൽ സിഎജി കൂടുതൽ പരീക്ഷണ പരിശോധനയ്ക്ക് വിധേയമാക്കി. ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ കണക്കെടുപ്പ് ഒൻപത് കേസുകളിലും വരുമാനത്തിന്റെയും ചിലവിന്റെയും തെറ്റായ കണക്കെടുപ്പ് (റെസീപ്റ്റ്സ് & പേമെന്റ്സ്) 10 കേസുകളിലും കണ്ടെത്തി. വാർഷിക ധനകാര്യ പത്രികകളിൽ താരതമ്യ തുകകൾ ഉൾപ്പെടുത്താത്തതും സാമ്പത്തിക/പ്രധാന അനുപാതം ഉൾപ്പെടുത്താത്തതും യഥാക്രമം ഒൻപതും രണ്ടും കേസുകളിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 4.2ൽ** നൽകിയിരിക്കുന്നു.

---

39 യുഎൽബികളുടെ അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തലിന്

40 കോർപ്പറേഷൻ - ഒന്ന്, മുനിസിപ്പാലിറ്റി - ഒൻപത്

41 2023 സെപ്റ്റംബർ 25 ലെ സർക്കാർ ഉത്തരവ് നമ്പർ 101/2023/ധനം